നം. കൈറ്റ്/2020/1614 (10)　　　　　　　　　　　　തീയതി: 16.10.2020

## സർക്കലർ

**വിഷയം:** കൈറ്റ് - പ്രൊബേഷൻ പൂർത്തിയാക്കുന്നതിനാവശ്യമായ KOOL ഓൺലൈൻ പരിശീലനം - പുതിയ ബാച്ച് തുടങ്ങുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**സൂചന:-** 01.12.2018 -ലെ സ.ഉ(സാധാ) നം. 5068/2018/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.

പ്രൊബേഷൻ പൂർത്തിയാക്കേണ്ട അധ്യാപകർക്കുവേണ്ടി കൈറ്റ് തയ്യാറാക്കിയ KOOL ഓൺലൈൻ പോർട്ടൽ വഴിയുള്ള അടിസ്ഥാന ഐ.സി.ടി പരിശീലനത്തിന്റെ പ്രീമിയം മോഡ് ബാച്ച് - 3 പരിശീലനങ്ങൾ തുടങ്ങുന്നതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. പ്രീമിയം മോഡിന്റെ അടുത്ത ബാച്ച് പരിശീലനം 07.11.2020 മുതൽ ആരംഭിക്കുന്നതാണ്. അതിനാൽ പരിശീലനത്തിൽ പങ്കെടുക്കേണ്ടവർ 26.10.2020-ന് മുമ്പ് സമഗ്ര പോർട്ടലിൽ തങ്ങളുടെ ലോഗിനിൽ ലഭ്യമാകുന്ന KOOL REGISTRATION എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യേണ്ടതാണ്. 17.10.2020 മുതൽ രജിസ്ട്രേഷൻ സൗകര്യം ലഭ്യമാകും. മുമ്പ് രജിസ്റ്റർ ചെയ്തിട്ട് പരിശീലനം ലഭിക്കാത്തവർ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതില്ല.
2. 01.12.2018-നു ശേഷം ജോലിയിൽ പ്രവേശിച്ച അധ്യാപകർ മാത്രമാണ് ഈ കോഴ്സിന് അപേക്ഷിക്കേണ്ടത്.
3. പുതുതായി അപേക്ഷിച്ച അധ്യാപകരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് 29.10.2020 നകം ജില്ലാ കോർഡിനേറ്റർക്ക് ലഭ്യമാക്കുന്നതാണ്.
4. രജിസ്റ്റർ ചെയ്ത അധ്യാപകരുടെ എണ്ണത്തിനനുസരിച്ച് 20 അംഗങ്ങൾ വീതമുള്ള ഗ്രൂപ്പുകളായി തിരിച്ച് പരിശീലനം ക്രമീകരിക്കേണ്ടതാണ്.
5. പരിശീലന ബാച്ചുകൾ രൂപീകരിക്കുമ്പോൾ പ്രീമിയം ബാച്ചിന് രജിസ്റ്റർ ചെയ്തിട്ട് പരിശീലനം ലഭിക്കാത്ത അധ്യാപകരെയായിരിക്കണം ആദ്യം പരിഗണിക്കേണ്ടത്. തുടർന്ന് പുതുതായി രജിസ്റ്റർ ചെയ്തവരിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ട അധ്യാപകരുടെ സീനിയോറിറ്റിക്ക് മുൻഗണന നൽകണം.
6. ഓരോ ബാച്ചിനുമുള്ള മെന്റർമാരെ ജില്ലാ കോ-ഓർഡിനേറ്റർ നിയോഗിക്കേണ്ടതാണ്. മാസ്റ്റർ ട്രെയിനർമാരെ ആവശ്യമെങ്കിൽ, ജില്ലാ കോ-ഓർഡിനേറ്റർമാർ പരസ്പരം ആലോചിച്ച് ജില്ലാ വ്യത്യാസമില്ലാതെയും മെന്റർമാരായി നിയമിക്കാവുന്നതാണ്.
7. പരിശീലനത്തിനായി ക്രമീകരിച്ച ബാച്ചുകളുടെ വിശദാംശങ്ങൾ കൂൾ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനായി 02.11.2020 നകം സ്റ്റേറ്റ് ഓഫീസിലേക്ക് മെയിൽ ചെയ്യേണ്ടതാണ്.
8. കോവിഡ് 19 പശ്ചാത്തലത്തിൽ, പ്രീമിയം ബാച്ചിലുള്ള അധ്യാപകർക്ക് കോണ്ടാക്ട് ക്ലാസുകൾക്ക് പകരം വെബ്നാറുകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനുള്ള മൊഡ്യൂളും മറ്റു മാർഗ്ഗ നിർദ്ദേശങ്ങളും ലഭ്യമാക്കുന്നതാണ്.

9. ഓൺലൈൻ വെബ്നാറുകളിൽ പങ്കെടുക്കുന്നതിനുള്ള അറിയിപ്പ് 04.11.2020-നകം പഠിതാക്കൾക്ക് നൽകേണ്ടതാണ്. പരിശീലനങ്ങളുടെ സമയക്രമ പട്ടിക അനുബന്ധമായി നൽകിയിരിക്കുന്നു. (അനുബന്ധം - 1)

10. പ്രീമിയം മോഡ് തെരഞ്ഞെടുത്തിരിക്കുന്ന പഠിതാക്കൾ കോഴ്സ് ഫീസായി 1,000/- രൂപ അടക്കേണ്ടതാണ്. ഈ തുക ജി.എസ്.ടി ഉൾപ്പെടെ 1180/- രൂപയുടെ (ആയിരത്തി ഒരുനൂറ്റി എൺപത് രൂപ) Kerala Infrastructure and Technology for Education എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി ആദ്യ വെബ്നാർ ക്ലാസ്സിനു മുമ്പായി മെന്ററെ ഏൽപ്പിക്കേണ്ടതാണ്.

11. രണ്ടാമത്തെ മൊഡ്യൂൾ പൂർത്തിയാക്കുന്നതിനു മുമ്പായി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ ഒരു തിരിച്ചറിയൽ രേഖയുടെ കോപ്പിയും പൂരിപ്പിച്ച Identification Certificate ഉം കോഴ്സ് ചെയ്യുന്ന പഠിതാക്കളിൽ നിന്നും ശേഖരിച്ച ശേഷം മെന്റർമാർ ജില്ലാ കോ-ഓർഡിനേറ്ററെ ഏൽപിക്കേണ്ടതാണ്. ഇതിനായി Identification Certificate ന്റെ സോഫ്റ്റ് കോപ്പി പഠിതാക്കൾക്ക് മുൻകൂട്ടി ലഭ്യമാക്കേണ്ടതാണ്.(അനുബന്ധം - 2).

12. IT@SchoolGNU/Linux18.04 ഓപ്പറേറ്റിംഗ് സിസ്റ്റം അടിസ്ഥാനമാക്കിയാണ് പുതിയ ബാച്ചുകൾക്ക് പരിശീലനം ക്രമീകരിക്കേണ്ടത്. പരിശീലന പരിപാടിയിൽ ഉപയോഗിക്കേണ്ട മൊഡ്യൂളും അനുബന്ധ വിഭവങ്ങളും 05.11.2020 നകം ജില്ലകളിലേയ്ക്ക് അയച്ചു തരുന്നതാണ്.

13. ഓരോ ബാച്ചിലേക്കും തെരഞ്ഞെടുത്തിരിക്കുന്ന പഠിതാക്കൾ, മെന്റർമാർ തുടങ്ങിയ വിശദാംശങ്ങൾ ഓൺലൈൻ സംവിധാനത്തോടൊപ്പം പ്രത്യേക രജിസ്റ്ററിൽ ജില്ലാ ഓഫീസിൽ സൂക്ഷിക്കേണ്ടതും വിശദാംശങ്ങളുടെ സോഫ്റ്റ്കോപ്പി സ്റ്റേറ്റ് ഓഫീസിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ (അറിവിലേക്ക്)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (ജില്ലാ കോർഡിനേറ്റർ മുഖേന)
സ്റ്റോക് ഫയൽ